# കേരള നിയമസഭ

## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## ഉപന്യാസ രചനാ മത്സരം

കേരളനിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം കേരളത്തിലെ സർക്കാർ /എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി ഇൻഡ്യൻ ഭരണഘടന, സംസ്ഥാനത്തിന്റെ / രാഷ്ട്രത്തിന്റെ വിവിധ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ 2018 മേയ് 8-ാം തീയതി തിരുവനന്തപുരത്ത് വച്ച് രാവിലെ 11.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ ഉപന്യാസ രചനാ മത്സരം (മലയാളം) സംഘടിപ്പിക്കുന്നു. മത്സരത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 10,000/- രൂപ, 7,500/- രൂപ, 5,000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സ്ഥാനം രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതായിരിക്കും. കൂടാതെ തുടർന്നുള്ള പത്ത് സ്ഥാനങ്ങളിലെത്തുന്ന വിദ്യാർത്ഥികൾക്ക് 1,000/- രൂപ വീതം ക്യാഷ് പ്രൈസ് പ്രോത്സാഹന സമ്മാനമായി നൽകുന്നതാണ്.

**മാർഗ്ഗ നിർദ്ദേശങ്ങൾ**

1) സർക്കാർ / എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷത്തിൽ ഒൻപതാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2) മത്സരത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് സ്കൂൾ മേലധികാരിയുടെ

(പ്രിൻസിപ്പൽ / ഹെഡ്മാസ്റ്റർ) ഒപ്പും സ്കൂളിന്റെ സീലും സഹിതം അഥവാ സ്കൂൾ ഐഡൻറിറ്റി കാർഡിന്റെ ശരി പകർപ്പ് സഹിതം സാധാരണ തപാലിൽ "The Under Secretary, Centre for Parliamentary Studies and Training, Room No. 728, Assembly Building, Legislature Complex, Vikas Bhavan P.O., Thiruvananthapuram - 33 എന്ന വിലാസത്തിൽ **2018 ഏപ്രിൽ 30-ാം** തീയതിക്കു മുൻപായി ലഭ്യമാക്കേണ്ടതാണ്.

3) പങ്കെടുക്കുന്നവരുടെ എണ്ണത്തിന് അനുസൃതമായി മത്സരം നിയമസഭാ സമുച്ചയത്തിലോ നഗരത്തിലെ വിദ്യാലയത്തിൽ വച്ചോ നടത്തുന്നതാണ്. മത്സര കേന്ദ്രത്തെ സംബന്ധിച്ച വിവരം മെയ് 4-ാം തീയതി നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
4) പരിപാടിയിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത, താമസ സൗകര്യം മുതലായവ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നൽകുന്നതല്ല.
5) പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

**നിബന്ധനകൾ**

1. ഉപന്യാസ രചനാ മത്സരത്തിൽ പങ്കെടുക്കാനായി എത്തുന്ന വിദ്യാർത്ഥികൾ അവരുടെ അപേക്ഷയുടെ പകർപ്പും സ്കൂൾ ഐഡന്റിറ്റി കാർഡും കൊണ്ടുവരേണ്ടതാണ്.
2. മത്സരം ആരംഭിക്കുന്നതിന് അര മണിക്കൂർ മുൻപായി വിദ്യാർത്ഥികൾ പരീക്ഷാ

കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

3. ഉപന്യാസ രചനയ്ക്കുള്ള കൃത്യമായ വിഷയം മത്സരം തുടങ്ങുന്നതിന് പതിനഞ്ച് മിനിട്ട് മുൻപ് നൽകുന്നതാണ്.

4. മത്സരം ആരംഭിച്ച് അര മണിക്കൂറിനു ശേഷം എത്തുന്ന വിദ്യാർത്ഥികളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

5. ഉപന്യാസത്തിൽ ഉപന്യാസകാരന്റെ പേരോ, ഒപ്പോ, തിരിച്ചറിയുന്നതിന് സഹായകമായ അടയാളങ്ങളോ രേഖപ്പെടുത്തരുത്.

6. മത്സരാർത്ഥികളെ മത്സരം അവസാനിക്കുന്നതിന് അര മണിക്കൂർ മുൻപ് മാത്രമേ ഹാളിന് പുറത്ത് പോകാൻ അനുവദിക്കുകയുള്ളൂ.

7. ഹാളിൽ മൊബൈൽ ഫോണോ സമാനമായ ഇലക്ട്രോണിക് ഉപകരണങ്ങളോ അനുവദിക്കുന്നതല്ല.

Centre for Parliamentary Studies and Training, Room No. 739,
Assembly Building, Legislature Complex, Vikas Bhavan P.O.,
Thiruvananthapuram – 695033.
Phone : 0471 2512585, 2512638
Email : cpsta@niyamasabha.nic.in
Fax : 0471 2512375

## കേരള നിയമസഭ
## പാർലമെന്ററി പഠന പരിശീലന കേന്ദ്രം
### ഉപന്യാസ രചനാ മത്സരത്തിനുള്ള അപേക്ഷാ ഫാറം

| | | |
|---|---|---|
| 1 | വിദ്യാർത്ഥിയുടെ പേര്<br>മലയാളത്തിൽ<br>ഇംഗ്ലീഷിൽ | |
| 2 | വിദ്യാർത്ഥിയുടെ സ്കൂളിന്റെ പേരും മേൽവിലാസവും | |
| 3 | പഠിക്കുന്ന ക്ലാസ്സ് | |
| 4 | ഐ.ഡി കാർഡ് നമ്പർ | |
| 5 | രക്ഷാകർത്താവിന്റെ പേരും മേൽവിലാസവും | |
| 6 | മൊബൈൽ ഫോൺ നമ്പർ :<br>ലാൻഡ് ഫോൺ നമ്പർ : | |
| 7 | സ്കൂളിലെ പ്രധാന അധ്യാപകന്റെ ഫോൺ നമ്പർ | |
| 8 | വിദ്യാർത്ഥിയുടെ/സ്കൂളിന്റെ ഇ-മെയിൽ വിലാസം | |

വിദ്യാർത്ഥിയുടെ ഒപ്പ്

സ്കൂൾ ഓഫീസ് സീൽ & തീയതി

പ്രധാന അധ്യാപകന്റെ പേരും ഒപ്പും